# പ്രാർത്ഥനാ കുസുമങ്ങൾ

## ദാമോദര മാസത്തിൽ

ദിവസേന ശ്രീമദ് ഭാഗവതത്തിൽ നിന്ന്
ശുദ്ധഭക്തരുടെ പ്രാർത്ഥനകൾ

## ശുകദേവ ഗോസ്വാമിയുടെ

# പ്രാർത്ഥനകൾ



# ശ്രീമദ് ഭാഗവതം

സ്കന്ദം 2 / അദ്ധ്യായം 4 / ശ്ലോകം 12–23

**************************************************************************************************

<u>ശ്ലോകം 12</u>

***ശ്രീ ശുക ഉവാച***

***നമഃ പരസ്മൈ പുരുഷായ ഭൂയസേ***

***സദുത്ഭവസ്ഥാനനിരോധലീലയാ***

***ഗൃഹീതശക്തി ത്രിതയായ ദേഹിനാ–***

***മന്തർഭവായാനുപലക്ഷ്യവർത്മനേ***

വിവർത്തനം

ശ്രീ ശുകദേവ ഗോസ്വാമി പറഞ്ഞു: ഭൗതിക ലോകത്തിന്റെ സൃഷ്ടി കർമനിർവഹണാർഥം, ഭൗതിക പ്രകൃതിയുടെ ത്രിഗുണങ്ങൾ കൈക്കൊണ്ട ആ പരമദിവ്യോത്തമ പുരുഷനെ ഞാൻ പ്രണമിക്കുന്നു. ഏവരുടെയും ശരീരത്തിൽ അന്തരംഗസ്ഥനായി സ്ഥിതിചെയ്യുന്ന പരമപരിപൂർണനും, പൂർണസമ്പൂർണനുമായ അദ്ദേഹത്തിന്റെ പദ്ധതികൾ അചിന്ത്യങ്ങളാണ്.

<u>ശ്ലോകം 13</u>

***ഭൂയോ നമഃ സദ്വൃജിന ച്ഛിദേ £ സതാ–***

***മസംഭവായാഖില സത്ത്വമൂർതയേ***

***പുംസാം പുനഃ പാരമഹംസ്യ ആശ്രമേ***

***വ്യവസ്ഥിതാനാം അനുമൃഗ്യദാശുഷേ***

വിവർത്തനം

ധർമാത്മാക്കളായ ഭക്തന്മാരുടെ സർവ ദുരിതനിവാരകനും, അഭക്തരായ അസുരരുടെ നാസ്തിക ശീലങ്ങളുടെ ,പ അഥവാ നിരീശ്വര സ്വഭാവങ്ങളുടെ സംഹാരകനും, സർവാതിശായനും, അതീന്ദ്രിയനുമായ പൂർണ അസ്തിത്വരൂപത്തെ ഞാൻ വീണ്ടും സാദരം പ്രണമിക്കുന്നു. ഉത്തുംഗ അതീന്ദ്രിയവാദികൾക്ക് അദ്ദേഹം അവരുടേതായ പ്രാപ്യസ്ഥാനങ്ങൾ പ്രദാനം ചെയ്യുന്നു.

<u>ശ്ലോകം 14</u>

***നമോ നമസ്തേ £ സ്തൃഷഭായ സാത്വതാം***

***വിദൂരകാഷ്ഠായ മുഹുഃ കുയോഗിനാം***

***നിരസ്തസാമ്യാതിശയേന രാധസാ***

***സ്വധാമനി ബ്രഹ്മണി രംസ്യതേ നമഃ***

വിവർത്തനം

യദുവംശജരുടെ മിത്രവും, അഭക്തർക്ക് സദാ പ്രശ്നക്കാരനുമായ അദ്ദേഹത്തെ ഞാൻ സാദരം പ്രണമിക്കുന്നു. ആത്മീയവും, ഭൗതികവുമായ ലോകങ്ങളുടെ പരമ ആസ്വാദകൻ അദ്ദേഹമാണ്. എന്നിരുന്നാലും, ആത്മീയാകാശത്തിലെ സ്വധാമത്തിൽ അദ്ദേഹം ആനന്ദിക്കുന്നു. അദ്ദേഹത്തിന്റെ അതീന്ദ്രിയ വിഭവങ്ങൾ അമേയമാകയാൽ, അദ്ദേഹത്തിന് തുല്യരായി ആരുംതന്നെയില്ല.

## <u>ശ്ലോകം 15</u>

*യത്കീർതനം യത്സ്മരണം യദീക്ഷണം*

*യദ്വന്ദനം യച്ഛ്രവണം യദർഹണം*

*ലോകസ്യ സദ്യോ വിധുനോതി കല്മഷം*

*തസ്മൈ സുഭദ്രശ്രവസേ നമോ നമഃ*

വിവർത്തനം

സർവമംഗളകരനായ ശ്രീകൃഷ്ണ ഭഗവാനെ ഞാൻ സാദരം പ്രണമിക്കുന്നു. അദ്ദേഹത്തിന്റെ ഗുണവർണനത്തിനും, സ്മരണത്തിനും, ദർശനത്തിനും, ശ്രവണത്തിനും, പ്രാർഥനകൾക്കും, ആരാധനയ്ക്കും നിവർത്തകന്റെ സകല പാപഫലങ്ങളെയും ഉടൻ പവിത്രമാക്കാൻ കഴിയും.

## <u>ശ്ലോകം 16</u>

*വിചക്ഷണ യച്ചരണോ പസാദനാത്*

*സംഗം വ്യുദസ്യോഭയതോ £ന്തരാത്മനഃ*

*വിന്ദന്തി ഹി ബ്രഹ്മഗതിം ഗതക്ലമാ–*

*സ്തസ്മൈ സുഭദ്രശ്രവസേ നമോ നമഃ*

വിവർത്തനം

സർവമംഗളകരനായ ശ്രീകൃഷ്ണ ഭഗവാനെ ഞാൻ വീണ്ടും വീണ്ടും സാദരം പ്രണമിക്കുന്നു. അതീവ ബുദ്ധിശാലികൾ അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളെ ശരണം പ്രാപിക്കുന്നതുവഴി മാത്രം ഭാവിയിലെയും, വർത്തമാനത്തിലെയും അസ്തിത്വങ്ങളിലെ എല്ലാ ആസക്തികളിൽനിന്നും മോചിപ്പിക്കപ്പെടുന്നു. അനന്തരം, അനായാസേന ആത്മീയ അസ്തിത്വത്തിലേക്ക് മുന്നേറുന്നു.

## <u>ശ്ലോകം 17</u>

*തപസ്വിനോ ദാനപരാ യശസ്വിനോ*

*മനസ്വിനോ മന്ത്രവിദഃ സുമംഗളാഃ*

*ക്ഷേമം ന വിന്ദന്തി വിനാ യദർപണം*

*തസ്മൈ സുഭദ്രശ്രവസേ നമോ നമഃ*

വിവർത്തനം

സർവ മംഗളകരനായ ശ്രീകൃഷ്ണ ഭഗവാനെ ഞാൻ വീണ്ടും വീണ്ടും സാദരം പ്രണമിക്കുന്നു. എന്തുകൊണ്ടെന്നാൽ, തപസ്വികൾക്കും, മഹാദാനധർമികൾക്കും, യശസ്വികൾക്കും, മഹാതാത്ത്വികർക്കും, യോഗികൾക്കും, വേദമന്ത്രങ്ങളിൽ നിപുണർക്കും, വേദതത്ത്വങ്ങളെ കണിശമായി അനുവർത്തിക്കുന്നവർക്കും,

അവരുടെ അവ്വണ്ണം ശ്രേഷ്ഠമായ ഗുണങ്ങളെ ഭഗവദ് സേവനത്തിനായി സമർപ്പിക്കാത്തപക്ഷം, ( വിനിയോഗിക്കാത്തപക്ഷം ) യാതൊരുവിധ അഭികാമ്യമായ ഫലവും പ്രാപ്തമാക്കാൻ സാധ്യമല്ല.

## ശ്ലോകം 18

*കിരാതഹൂണാന്ധ്ര പുളിന്ദപുല്കശാ*

*ആഭീരശുംഭാ യവനാഃ ഖസാദയഃ*

*യേ £ന്യേ ച പാപാ യദുപാശ്രയാശ്രയാഃ*

*ശുദ്ധ്യന്തി തസ്മൈ പ്രഭവിഷ്ണവേ നമഃ*

വിവർത്തനം

കിരാതം, ഹൂണം, പുളിന്ദം, പുല്കശം, ആഭീരം, ശുംഭം, യവനം, ഖസം എന്നീ വംശജരും, പാപകർമങ്ങളിൽ ആസക്തരായ മറ്റുള്ളവർ പോലും, ഭഗവാന്റെ പരമശക്തി ഹേതുവായി ഭഗവദ്ഭക്തരെ അഭയം പ്രാപിക്കുന്നതിനാൽ പവിത്രീകരിക്കപ്പെടുന്നു. ആദരപൂർവമായ എന്റെ പ്രണാമം സ്വീകരിക്കണമെന്ന് അനന്തശക്തിമാനായ അദ്ദേഹത്തോട് ഞാൻ സവിനയം അഭ്യർഥിക്കുന്നു.

## ശ്ലോകം 19

*സ ഏഷ ആത്മാത്മവതാമധീശ്വര*

*സ്ത്രയീമയോ ധർമമയസ്തപോമയഃ*

*ഗതവ്യളീകൈരജശങ്കരാദിഭിർ–*

*വിതർക്യലിങ്ഗോ ഭഗവാൻ പ്രസീദതാം*

വിവർത്തനം

അദ്ദേഹം, ആത്മസാക്ഷാത്കാരം പ്രാപിച്ച സർവ ആത്മാക്കളുടെയും പരമാത്മാവും പരമഭഗവാനും ആകുന്നു. വേദങ്ങളുടെയും, ധർമഗ്രന്ഥങ്ങളുടെയും, തപശ്ചര്യയുടെയും മൂർത്തിമദ്ഭാവമാണ് അദ്ദേഹം. ബ്രഹ്മാവിനാലും, ശിവനാലും, എല്ലാ കപട ഭാവങ്ങൾക്കും അതീതരായ മറ്റുള്ളവരാലും അദ്ദേഹം ആരാധിക്കപ്പെടുന്നു, ആദരയുക്തമായ ഭയത്തോടും, ആദരവോടുംകൂടി പൂജിക്കയാൽ, ആ പരമപരിപൂർണൻ എന്നിൽ പ്രസാദിച്ചേക്കാം.

## ശ്ലോകം 20

*ശ്രിയഃ പതിര്യജ്ഞപതിഃ പ്രജാപതിർ –*

*ധിയാം പതിർല്ലോകപതിർധരാപതിഃ*

*പതിർ ഗതിശ്ചാന്ധകവൃഷ്ണിസാത്വതാം*

*പ്രസീദതാം മേ ഭഗവാൻ സതാം പതിഃ*

വിവർത്തനം

എല്ലാ ഭക്തന്മാരുടെയും ആരാധ്യദേവനും, യദുവംശത്തിലെ വൃഷ്ണിയെയും അന്ധകനെയും പോലെയുള്ള രാജാക്കന്മാരുടെയെല്ലാം കീർത്തിയും സംരക്ഷകനും, ഭാഗ്യദേവതമാരുടെയെല്ലാം പതിയും, സർവ യജ്ഞങ്ങളുടെയും അനുശാസകനാകയാൽ അഖില ജീവസത്തകളുടെയും അധിപനും, സമസ്ത ജ്ഞാനത്തിന്റെയും നിയന്താവും, ആത്മീയവും ഭൗതികവുമായ സർവ ലോകങ്ങളുടെയും നാഥനും, ഭൂമിയിലെ പരമ അവതാരവും, എല്ലാറ്റിലും പരമവുമായ ഭഗവാൻ ശ്രീകൃഷ്ണൻ എന്നിൽ കൃപയുള്ളവനായിരിക്കട്ടെ.

## ശ്ലോകം 21

*യദംഘ്ര്യഭിധാന സമാധിധൗതയാ*

*ധിയാനുപശ്യന്തി ഹി തത്ത്വമാത്മനഃ*

*വദന്തി ചൈതത് കവയോ യതാ രുചം*

*സ മേ മുകുന്ദോ ഭഗവാൻ പ്രസീദതാം*

വിവർത്തനം

മോക്ഷം, അഥവാ മുക്തി പ്രദാനം ചെയ്യുന്നത് പരമദിവ്യോത്തമപുരുഷനായ ഭഗവാൻ ശ്രീകൃഷ്ണനാകുന്നു. പ്രാമാണികരുടെ കാലടികളെ അനുവർത്തിച്ച് അനുനിമിഷവും ഭഗവാന്റെ പാദാംബുജങ്ങളെ സ്മരിച്ചുകൊണ്ട്, സമാധിയിലുള്ള ഭക്തന് പരമസത്യത്തെ ( നിരപേക്ഷ സത്യത്തെ ) ദർശിക്കാൻ കഴിയും. എന്നിരുന്നാലും, വിദ്വാന്മാരായ മാനസിക വിചക്ഷണന്മാർ, അവരുടെ മനോരഥങ്ങളനുസരിച്ച് അദ്ദേഹത്തെക്കുറിച്ച് സ്മരിക്കുന്നു. ഭഗവാനേ, എന്നിൽ പ്രസാദിച്ചാലും!

## ശ്ലോകം 22

*പ്രചോദിതാ യേന പുരാ സരസ്വതീ*

*വിതന്വതാജസ്യ സതീം സ്മൃതിം ഹൃദി*

*സ്വലക്ഷണ പ്രാദുർഭൂത കിലാസ്യതഃ*

*സ മേ ഋഷീണാമൃഷഭഃ പ്രസീദതാം*

വിവർത്തനം

സൃഷ്ടിയുടെ ആരംഭത്തിൽ, ബ്രഹ്മദേവന്റെ പ്രഭവിഷ്ണുവായ ജ്ഞാനത്തെ അദ്ദേഹത്തിന്റെ ഹൃദയാന്തരാ വിപുലപ്പെടുത്തിയതും, ഭഗവാന്റെ സ്വ ആത്മാവിനെക്കുറിച്ചും, സൃഷ്ടിയെക്കുറിച്ചുമുള്ള സമഗ്ര ജ്ഞാനത്താൽ അദ്ദേഹത്തെ പ്രബോധിപ്പിച്ചതും, ബ്രഹ്മാവിന്റെ വദനത്തിൽനിന്നും ആവിർഭവിച്ചുവെന്ന് ( ബാഹ്യദൃഷ്ട്യാ ) കാണപ്പെടുന്നവനുമായ ആ ഭഗവാൻ എന്നിൽ പ്രസാദിക്കട്ടെ.

## ശ്ലോകം 23

*ഭൂതൈർമഹദ്ഭിര്യ ഇമാഃ പുരോ വിഭുർ-*

*നിർമായ ശേതേ യദമൂഷു പുരുഷഃ*

*ഭുംക്തേ ഗുണാൻ ഷോഡശ ഷോഡശാത്മകഃ*

*സോഽലംകൃഷീഷ്ട ഭഗവാൻ വചാംസി മേ*

വിവർത്തനം

പ്രപഞ്ചത്തിനുള്ളിൽ ശയിച്ചുകൊണ്ട്, ഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ട ഭൗതിക ശരീരങ്ങളെ ഉജ്ജീവിപ്പിക്കുന്നവനും, പുരുഷാവതാരത്തിൽ ജീവാത്മാവിന്റെ ജനകങ്ങളായ ഭൗതിക ഗുണങ്ങളുടെ പതിനാറ് അംശങ്ങളിലും ജീവാത്മാവ് വിധേയമാക്കപ്പെട്ടതിന് കാരണമാകുന്നവനും ആയ ആ പരമദിവ്യോത്തമപുരുഷൻ, എന്റെ പ്രസ്താവനകളെ കീർത്തിമുദ്രകളണിയിച്ച് ആദരിക്കത്തക്കവിധം എന്നിൽ പ്രസാദിക്കട്ടെ.




# ഹരേ കൃഷ്ണ 🙏

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ടെലഗ്രാം ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുക അതിനു ശേഷം താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .**

ടെലഗ്രാം :- https://t.me/suddhabhaktimalayalam


വെബ്സൈറ്റ് :- www.suddhabhaktimalayalam.com

ഫേസ്ബുക്ക് :- ശുദ്ധഭക്തി / Suddha Bhakti

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:-** ശുദ്ധാ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് ശുദ്ധാ ഭക്തി ടെലഗ്രാം ഗ്രൂപ്പ് www.suddhabhaktimalayalam.com



**ശ്രീമദ് ഭഗവദ്ഗീത, ശ്രീമദ്ഭാഗവതം മുതലായ പൂർവ്വാചാര്യന്മാരാൽ അംഗീകരിക്കപ്പെട്ട വേദശാസ്ത്രങ്ങൾ വാങ്ങി വായിക്കുവാൻ അരികിലുള്ള അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി (ISKCON)കേന്ദ്രങ്ങളിൽ ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു.**



ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ
ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ

## കേരളത്തിലെ ഇസ്കോൺ കേന്ദ്രങ്ങൾ

തിരുവനന്തപുരം : ശ്രീകൃഷ്ണ ബലരാമക്ഷേത്രം, പള്ളിച്ചൽ തോട് ജംഗ്ഷൻ, പ്രാവച്ചമ്പലം, തിരുവനന്തപുരം 695020

തിരുവനന്തപുരം : റ്റി.സി.24/1073, ഹരേ കൃഷ്ണ റോഡ്, തൈക്കാട്, തിരുവനന്തപുരം – 695014, ഫോ: 0471 2328197

ഗുരുവായൂർ : ഹരേ കൃഷ്ണ ലാന്റ്, പടിഞ്ഞാറേ നട, ഗുരുവായൂർ – 680101, ഫോൺ: 0487–2555886

കൊച്ചി : PLRA 19, 'നാരായണം', പോണോത്ത് ലെയിൻ, ദാസ്റോഡ്, കലൂർ,കൊച്ചി – 0484 – 2343892, 9946990900

തൃശ്ശൂർ : മച്ചിങ്ങൽ ലൈൻ, എം.ജി റോഡ്, നായ്ക്കനാൽ, തൃശ്ശൂർ – 680 001. ഫോൺ : 9037008108

## നാമഹട്ടകൾ (സത്സംഗം നടക്കുന്ന സ്ഥലങ്ങൾ

തൃശ്ശൂർ:ഹരേകൃഷ്ണ സത്സംഗം, നമ്പൂതിരി വിദ്യാലയം, വിജയശ്രീ കണ്ണാശുപത്രിക്ക സമീപം, കോട്ടപ്പുറം, തൃശ്ശൂർ, ഫോൺ 9746286624

തൃശ്ശൂർ: അരവിന്ദം, അയ്യന്തോൾ, തൃശ്ശൂർ, ഫോൺ : 9495013240

ചാവക്കാട് : ഹരേ കൃഷ്ണ നിവാസ്, ബ്ലാങ്ങാട്, ഇരട്ടപ്പുഴ, ചാവക്കാട് – 680506, ഫോൺ : 9947811009

തൃപ്പൂണിത്തുറ : "ശരണ്യ, NSS ഹൈസ്കൂളിന് എതിർവശം, തൃപ്പൂണിത്തുറ, 0484 – 2776905

തൃപ്പൂണിത്തുറ : "തുളസീദളം", മന്ദനം ജങ്ക്ഷൻ, ഏരൂർ വെസ്റ്റ്, തൃപ്പൂണിത്തുറ, 0484 – 2114230

പാലക്കാട് : ഹരേ കൃഷ്ണ സത്സംഗം, NO.10 രാമകൃപ, ഈസ്റ്റ് കോളനി, അബൂബക്കർ റോഡ്, KSRTC യ്ക്ക സമീപം, പാലക്കാട്, – 678014, ഫോൺ :9447172851

മേനോൻപാറ : "ഹരേകൃഷ്ണാലയം", മെയിൻ റോഡ്, മേനോൻപാറ, മേനോൻപാറ പോസ്റ്റ്, പാലക്കാട്, പിൻ : 678556, ഫോൺ : 9447172851

കഞ്ചിക്കോട് : ഹരേ കൃഷ്ണ സത്സംഗം, പുത്തൻ പാടം, കണ്ണോട്, കഞ്ചിക്കോട് പിൻ: 678621, ഫോൺ : 9080047175

നെന്മാറ: "ഹരേ കൃഷ്ണ", നാരായണ ദന്തൽ ക്ലിനിക്കിന് എതിർവശം, നെന്മാറ, പാലക്കാട് – 678508, ഫോൺ :9446238587

അയിലൂർ : "ജയ രാധേ", നോർത്ത് സ്ട്രീറ്റ്, അയിലൂർ ഗ്രാമം, പാലക്കാട് – 678510, ഫോൺ : 9496336108, 9349516108

മണ്ണൂത്തി : അമ്പാടി, വെസ്റ്റ് വെള്ളാനിക്കര, മാടക്കത്തറ പോസ്റ്റ് – 680651, മണ്ണുത്തി, ഫോൺ : 0487 2372161

കണ്ണൂർ : മൂപ്പൻ പാറ, വളപട്ടണം പോസ്റ്റ് ഓഫീസ്, കണ്ണൂർ, ഫോൺ :

0497 2775299, 09539372347,
9400115455

കണ്ണൂർ: ഹരേ കൃഷ്ണ സത്സംഗം, കുഴിക്കുന്ന് ജങ്ഷൻ, ചാലാട് റോഡ്, കണ്ണൂർ, കേരള. പിൻ : 670001, ഫോൺ : 9895258194, 9495586194.

കാസർഗോഡ്: ശ്രീ ശ്രീ രാധാ മാധവ സത്സംഗ്, ഇസ്കോൺ ലാൻഡ്, മാധവ് ബാഗ്, ബോവിക്കാന പി. ഒ, മുളിയാർ, കാസർഗോഡ് – 671542, ഫോൺ : 9820072708

കോട്ടയം : ഹരേ കൃഷ്ണസത്സംഗം, അക്കരമഠം, തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം, തിരുവാർപ്പ് പോസ്റ്റ്, കോട്ടയം, പിൻ : 686033 ഫോൺ : 9895259781, 9037808016, 9497666004

പുതുക്കാട്: NSS കരയോഗം ഹാൾ, മുപ്ലിയം, പുതുക്കാട്, ഫോൺ: 0480 2783066

പാറശ്ശാല : ഹരേകൃഷ്ണ ക്ഷേത്രം, നെടുവാൻ വിള, പാറശ്ശാല, ഫോൺ : 0471–2200086

തിരൂർ : ചെറുതൃക്കോവിൽ ശ്രീകൃഷ്ണക്ഷേത്രം, തൃക്കണ്ടിയൂർ, തിരൂർ, ഫോൺ : 9846498362, 9895728410

തിരൂർ : കരവാറ്റ കാവ്യ ക്ഷേത്രം, സൗത്ത് അന്നാറ, തിരൂർ, ഫോൺ : 9846498362, 9895728410

തിരുനാവായ : നാവാമുകുന്ദ ക്ഷേത്രം, ഫോൺ : 9895728410, 9846498362, 8943137661

എടപ്പാൾ : പാണ്ഡവക്കര മഹാവിഷ്ണു ക്ഷേത്രം, ഫോൺ : 9895728410, 8943137661


എടപ്പാൾ: കൊളങ്കര ദേവീക്ഷേത്രം, ഫോൺ : 9895728410, 8943137661

ഇരിഞ്ഞാലക്കുട : ഹരേ കൃഷ്ണ സത്സംഗം, ഭാരതീയ കലാക്ഷേത്രം, സൂര്യ റോഡ് സൗത്ത്, ചെട്ടിപറമ്പ്, ഇരിഞ്ഞാലക്കുട, പിൻ – 680121, ഫോൺ : 9387973525, 8848967770

കോഴിക്കോട് : ബ്ലൂബിയൺ ആർക്കേഡ്, പി.വി.സാമി റോഡ്, ചാലപ്പുറം (റെയിൽവേ സ്റ്റേഷനു സമീപം) ഫോൺ : 9400989634, 9497760342

ശ്രീനാഥ്ജി നാമഹട്ട : ആറ്റപ്പാടം, കിൻഫ്രാ പാർക്ക് പോസ്റ്റ്, കൊരട്ടി – 680309, ഫോൺ : 9846971510

പയ്യോളി : ഹരേ കൃഷ്ണ ധർമ്മാലയ, റെയിൽവേ സ്റ്റേഷനു സമീപം, പയ്യോളി, ഫോൺ : 9526582898, 9745945005



**ദിവ്യപൂജ്യ ശ്രീ ശ്രീമദ്**

**എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ**

**അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ**